ശ്രീ. പി. ചാക്കോ : ഡാക്ടർമാരുടെ കുറവ് പരിഹരിക്കുന്നതിലേക്ക് സർവീസിൽനിന്നു റിട്ടയർ ചെയ്യുന്ന ഡാക്ടർമാർക്കു റീ എംപ്ലായ്മെന്റു കൊടുക്കുന്നുണ്ടോ ?

ശ്രീ. എം. പി. ഗോവിന്ദൻ നായർ : അവക്ക് റീ എംപ്ലായ്മെന്റു കൊടുക്കുന്നുണ്ട്. 62 വയസ്സുവരെ ഡാക്ടർമാക്ക് റീ എംപ്ലായ്മെന്റു കൊടുക്കുന്നുണ്ട്.

ശ്രീ. സി. അച്യുതമേനോൻ : നേഴ്സിംഗ് സ്കൂളിലേക്ക് തിരഞ്ഞെടുക്കപ്പെട്ടിട്ടുള്ള വിദ്യാർത്ഥിനികളെ ഒന്നാമത്തെ പരീക്ഷയിൽ ജയിക്കണമെന്നും അവക്ക് രണ്ടാമത്തെ ചാൻസ് കൊടുക്കുകയില്ലെന്നും ഉള്ള സമ്പ്രദായമാണ് ഇപ്പോൾ അനുവർത്തിച്ചുവരുന്നത്. ഇതു ലോകത്തിൽ മറ്റൊരു സ്ഥലത്തും ഇല്ലാത്ത ഒന്നാണെന്നു തോന്നുന്നു. ഇങ്ങനെ പരികയാണെങ്കിൽ ടെയിനിംഗിന്റെ ആദ്യകൊല്ലം അവക്ക് നഷ്ടപ്പെടുകയാണു ചെയ്യുന്നത്. ഒന്നാമത്തെ പരീക്ഷയ്ക്കു തോറ്റാൽ രണ്ടാമതും പരീക്ഷയ്ക്കു ഇരിക്കുവാൻ സൗകര്യം കിട്ടണമെന്നാവശ്യപ്പെട്ടുകൊണ്ട് തൃശ്ശൂർ നേഴ്സിംഗ് സ്കൂളിലെ ഏതെങ്കിലും വിദ്യാർത്ഥിനികളിൽനിന്നു അപേക്ഷ ലഭിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ ആ സമ്പ്രദായത്തിൽ മാറ്റം വരുത്തുവാൻ നടപടിയെടുക്കുമോ ?

ശ്രീ. എം. പി. ഗോവിന്ദൻ നായർ : അവരെ തിരഞ്ഞെടുത്തു മൂന്നുമാസം കഴിയുമ്പോൾ ഒരു പരീക്ഷ നടത്തും. അതിൽ പാസ്സായില്ലെങ്കിൽ അവരെ പിരിച്ചുവിടും. അതുകൊണ്ട് ഒരു ചാൻസുകൂടി പരീക്ഷയ്ക്കിരിക്കുവാൻ അവക്ക് കൊടുക്കണമെന്നാവശ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ ഒരു ചാൻസുകൂടി കൊടുക്കുവാൻ ഏർപ്പാടുചെയ്തിട്ടുണ്ട്.

ശ്രീ. എം. നാരായണക്കുറുപ്പ് : ഇൻഡ്യയിൽ പല ആശുപത്രികളിലും കേരളീയരായ നേഴ്സുമാർ പ്രശസ്തമായി സേവനം അനുഷ്ഠിക്കുന്നുണ്ടെന്നു റിപ്പോർട്ടുണ്ട്. അങ്ങനെയാണെങ്കിൽ കേരളത്തിനുമാത്രം നേഴ്സുമാരുടെ കാര്യത്തിൽ ദാരിദ്ര്യം വരുവാനുള്ള കാരണമെന്താണ് ?

ശ്രീ. എം. പി. ഗോവിന്ദൻ നായർ : മുൻകാലങ്ങളിൽ ഇവിടെ വർദ്ധിച്ചുവരുന്ന ആവശ്യത്തിനനുസരിച്ച് നേഴ്സുമാക്ക് ടെയിനിംഗ് കൊടുക്കുവാനുള്ള സൗകര്യം ഇല്ലായിരുന്നു. അതിനുള്ള കേന്ദ്രങ്ങളും മറ്റു സ്ഥലങ്ങളിൽ കൂടുതലായി തുറന്നതിന്റെ അടിസ്ഥാനത്തിൽ ഇവിടെനിന്നു വളരെയധികം ആളുകളും ആ പ്രദേശങ്ങളിൽപോയി പരിശീലനം സമ്പാദിക്കുകയും, അവിടെ ജോലിയിൽ പ്രവേശിക്കുകയും ചെയ്തു. അതുകൊണ്ടാണ് കേരളീയരായിട്ടുള്ള നേഴ്സുമാർ മറ്റു സംസ്ഥാനങ്ങളിൽ ജോലിയിലിരിക്കുന്നതിനുള്ള സാഹചര്യം ഉണ്ടായത്.

ശ്രീമതി കുസുമം : വളരെയധികം അഭ്യസ്തവിദ്യരായ സ്ത്രീകളുള്ള ഈ നാട്ടിൽ ആവശ്യത്തിനനുസരണമായി നേഴ്സിംഗ് പരിശീലനം സിദ്ധിച്ചിട്ടുള്ളവർ ഇല്ലെന്നുള്ളതു നമുക്ക് ഒരു അപമാനമായതുകൊണ്ട് വളരെയധികം ആളുകൾക്ക് ടെയിനിംഗ് കൊടുക്കുവാനുള്ള ഏർപ്പാട് ചെയ്യുമോ ?

ശ്രീ. എം. പി. ഗോവിന്ദൻ നായർ : ഇതിൽ അപമാനകരമായി ഒന്നുമുണ്ടെന്നു തോന്നുന്നില്ല. എല്ലാ ഹെഡ്ക്വാർട്ടേഴ്സും ആശുപത്രികളോടും അനുബന്ധിച്ചു നേഴ്സിംഗ് സ്കൂളുകൾ തുടങ്ങിയിട്ടുണ്ട്.

പോലീസ് കാൺസ്റ്റബിൾമാർ ബൂട്ട് ധരിക്കണമെന്ന വ്യവസ്ഥ

*458. [15] ശ്രീ. കെ നാരായണക്കുറുപ്പ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പോലീസ് കാൺസ്റ്റബിൾമാക്ക് ബൂട്ട് ധരിക്കണമെന്നു നിർബ്ബന്ധമായ ഒരു വ്യവസ്ഥയുണ്ടോ ;

(ബി) ഗ്രാമപ്രദേശങ്ങളിലുള്ള പോലീസ് സ്റ്റേഷനുകളിലെ കാൺസ്റ്റബിൾമാക്ക് യഥാർത്ഥത്തിൽ ഈ ബൂട്ടുകൾ ഒരു അസൗകര്യമല്ലേ ;

(സി) അവക്ക് മറ്റു തരത്തിലുള്ള ഏതെങ്കിലും പാദരക്ഷകൾ ഉപയോഗിക്കാൻ അനുവാദം കൊടുക്കുന്നതിനെപ്പറ്റി ആലോചിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

മുഖ്യമന്ത്രി (ശ്രീ. ആർ. ശങ്കർ) :

(എ) ഉണ്ട്.

(ബി) എന്തെങ്കിലും അസൗകര്യമുള്ളതായി പരാതികളൊന്നും കിട്ടിയിട്ടില്ല.

(സി) ഇല്ല.

നേന്ത്രക്കായ് കയറ്റുമതി

* 459 [16] ശ്രീ. പി. ആർ. ഫ്രാൻസിസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷ്യവും കൃഷിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സാമ്പത്തികവർഷത്തിൽ നേന്ത്രക്കായും മറ്റു വാഴപ്പഴങ്ങളും അന്യരാജ്യങ്ങളിലേക്ക് എത്ര കയറ്റി അയച്ചിട്ടുണ്ട് ;

(ബി) വാഴപ്പഴം കയറ്റി അയയ്ക്കുന്നതു് നിയന്ത്രിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(സി) വാഴപ്പഴം കയറ്റി അയയ്ക്കുന്നതുകൊണ്ട് വിദേശനാണ്യം ലഭ്യമാകുന്നതിനാൽ കയറ്റുമതി പ്രോത്സാഹിപ്പിക്കുവാൻ ഭയവുണ്ടാകുമോ ;

(ഡി) നേന്ത്രവാഴ കൃഷി പ്രോത്സാഹിപ്പിക്കുവാൻ ഗവണ്മെന്റ് എന്തെല്ലാം നടപടികളും സ്വീകരിച്ചിട്ടുണ്ട് ?

കൃഷ്യവകുപ്പുമന്ത്രി (ശ്രീ. ഈ. പി. പൗലോസ്) :

(എ) കേരളത്തിൽനിന്ന കയറ്റി അയച്ചതായി അറിവില്ല.

(ബി) ഗവണ്മെൻറിനുദ്ദേശമില്ല.

(സി) വേണ്ട നടപടികളും എടുത്തുവരുന്നു.

(ഡി) നേന്ത്രവാഴകൃഷിക്കു മാത്രമായി പ്രത്യേക നടപടികളൊന്നും എടുത്തിട്ടില്ല. എന്നാൽ നേന്ത്രവാഴ ഉൾപ്പെടെ വാഴകൃഷി വികസിപ്പിക്കുന്നതിനു ചില പദ്ധതികളും നടപ്പിലാക്കിയിട്ടുണ്ട്.

ശ്രീ. മാലേത്തു ഗോപിനാഥപിള്ള : നേന്ത്രക്കായ് സോവിയറ്റു റഷ്യയിലേക്ക് കയറ്റി അയയ്ക്കുവാൻ പോകുന്നുവെന്നു റിപ്പോർട്ടുണ്ടായിരുന്നു. നേന്ത്രവാഴ കൃഷി അഭിവൃദ്ധിപ്പെടുത്തുവാൻ മദ്ധ്യ തിരുവിതാംകൂറിൽ വല്ലതും ചെയ്യുവാൻ ഗവണ്മെൻറുദ്ദേശിക്കുന്നുണ്ടോ ?

ശ്രീ. ഈ. പി. പൗലോസ് : സൂപ്പക്കേട് ബാധിക്കാത്ത വാഴക്കന്നുകളും 50 ശതമാനം സബ്സിഡിയിൽ വിതരണം ചെയ്യുന്നുണ്ട്. അതു കൂടാതെ 1000 ഏക്കർ സ്ഥലത്തു് ഈ കൃഷി ചെയ്യുവാനുള്ള പദ്ധതിയുമുണ്ട്.

ശ്രീ. ടി സി. നാരായണൻ നമ്പ്യാർ : കഴിഞ്ഞവർഷം സോവിയറ്റു യൂണിയനും, ഇൻഡ്യാഗവണ്മെൻറുമായിട്ടുള്ള ഒരു കരാറിന്റെ അടിസ്ഥാനത്തിൽ 12 കോടിയിൽപരം നേന്ത്രക്കായ് കയറ്റി അയച്ചതായും ഈ കൊല്ലം ആ കരാർ പുതുക്കിയിട്ടുള്ളതായും അറിയുന്നു. നേന്ത്രവാഴ കൃഷി അധികമായിട്ടുള്ള ഈ കേരളത്തിൽനിന്നുംകൂടി നേന്ത്രക്കായ് കയറ്റി അയക്കുന്നതിനു നടപടിയെടുക്കുമോ ?

ശ്രീ. ഈ. പി. പൗലോസ് : നേന്ത്രക്കായ് അല്ല, പൂവൻ പഴമാണ് അവർക്ക് കൂടുതൽ ഇഷ്ടം. അതുകൊണ്ട് പൂവൻ പഴമാണ് അവർ ആവശ്യപ്പെട്ടിരിക്കുന്നതു്.

ശ്രീ. സി. അച്യുതമേനോൻ : ഇവിടെ നിന്നും നേന്ത്രക്കായും മറ്റു സാധാരണുള്ള പഴങ്ങളും കയറ്റി അയയ്ക്കുന്നതെങ്കിൽ കൊച്ചിൻപോർട്ടിൽ ഒരു Cold storage സ്ഥാപിച്ചില്ലെങ്കിൽ, അതു സാദ്ധ്യമാകയില്ലെന്നറിയാമോ ; അതിനു് സൗകര്യം വല്ലതും അവിടെ ചെയ്യുന്നുണ്ടോ ?

LIBRARY ARCHIVES Kerala Legislative Assembly